# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി-6/ 183/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 02/03/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി-6/ 183/2023 തീയ്യതി: 02/03/2023

## പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സ്നിഗ്ദ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 20-02-2023 | 28-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-02-2023 | 28-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ

ശ്രീ.എം ഹരികുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.അരുൺ പി.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.റ്റി.കെ.ജയിംസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.വി.ജെ.ഗിരീഷ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ. സുൾഫിക്കർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 01-11-2021 |
| ശ്രീ.പ്രകാശ് എം | അസിസ്റ്റന്റ് സെക്രട്ടറി | 02-11-2021 | 06-01-2022 |
| ശ്രീ.സജി പി.റ്റി. | അസിസ്റ്റന്റ് സെക്രട്ടറി | 07-01-2022 | 31-03-2022 |
| ശ്രീ.വിൻസെന്റ് ആർ | വിഇഒ | 01-04-2021 | 08-09-2021 |
| ശ്രീ.അരുൺ എം പ്രസാദ് | വിഇഒ | 09-09-2021 | 31-03-2022 |
| ശ്രീമതി റോസമ്മ സി.സി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.രമ്യ ജി നായർ | മെഡിക്കൽ ഓഫീസർ (ISM) | 01-04-2021 | 31-03-2022 |
| ഡോ.എ.പി.സുനിൽ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.സജീഷ് കുമാർ ജെ. | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ഡോ.ബിന്നി ബി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ.സുനിൽ സി.പി. | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ.അരുൺ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 03-10-2021 |
| ശ്രീമതി ആനി ഷിജി | അസിസ്റ്റന്റ് എഞ്ചിനീയർ | 04-10-2021 | 08-02-2022 |
| ശ്രീമതി വിജി വി | അസിസ്റ്റന്റ് എഞ്ചിനീയർ | 09-02-2022 | 31-03-2022 |
| ശ്രീമതി ട്രീസ സെലിൻ ജോസഫ് | കൃഷി ഓഫീസർ | 01-04-2021 | 04-10-2021 |
| ശ്രീമതി റംസീന എസ് ആർ | കൃഷി ഓഫീസർ | 05-10-2021 | 07-03-2022 |
| ഡോ.ഷീബ എസ് എസ് | കൃഷി ഓഫീസർ | 08-03-2022 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | കാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | നവോദയ വിദ്യാലയത്തിലെ സ്റ്റാഫ് ക്വാർട്ടേഴ്സുകളുടെ വസ്തുനികുതി അനധികൃതമായി ഒഴിവാക്കി | 1-11 |
| 12 | വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് | 1-12 |
| 13 | ഘടനാപരമായ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിച്ചില്ല | 1-13 |
| 14 | വാടകക്കുടിശ്ശിക പിരിച്ചെടുത്തില്ല | 1-14 |
| 15 | തൊഴിൽനികുതി പിരിവിലെ അപാകതകൾ | 1-15 |
| 16 | സംയുക്തപരിശോധന നടത്തി, വെള്ളക്കരം കുറഞ്ഞു | 1-16 |
| 17 | പഠനോപകരണങ്ങൾ നൽകൽ - അനുവദനീയമല്ലാത്ത ഇനം വാങ്ങി | 1-17 |
| 18 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - അധികതുക നൽകി | 1-18 |
| 19 | വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി അനുവദനീയമല്ലാത്ത പദ്ധതികൾ നടപ്പിലാക്കുന്നു | 1-19 |
| 20 | സംയുക്ത പദ്ധതികൾക്ക് ലഭിക്കുന്ന ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-20 |
| 21 | മെറിറ്റോറിയസ് സ്കോളർഷിപ്പ് - രേഖകൾ പരിശോധിക്കാതെ തുക നൽകി | 1-21 |
| 22 | റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങാതെ പദ്ധതി ഭേദഗതി ചെയ്തു നടപ്പാക്കി | 1-22 |
| 23 | ലാപ്ടോപ്പ് വാങ്ങൽ – സർക്കാർ ഉത്തരവ് പാലിച്ചില്ല | 1-23 |
| 24 | സ്കൂളുകളുടെ പുനരുദ്ധാരണം-തടി ഉരുപ്പടികൾ ലേലം ചെയ്ത് മുതൽ കൂട്ടിയില്ല | 1-24 |
| 25 | അധികം ചെലവഴിച്ച തുക ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തിരികെ ഈടാക്കി | 1-25 |
| 26 | അഗതി രഹിത കേരളം പദ്ധതി -അവലോകനം | 1-26 |

| | | |
|---|---|---|
| 27 | മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ് | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - അധികതുക നൽകി | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 20-02-2021-ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 14,19,414 രൂപ മുന്നിരിപ്പും 10,85,83,000 രൂപ വരവും 10,75,29,660 രൂപ ചെലവും 24,72,754 രൂപ നീക്കിയിരിപ്പുമുള്ള ബജറ്റാണ് പാസ്സാക്കിയിട്ടുള്ളത്. 28-02-2022ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 27-04-2022-ലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് ഓഡിറ്റിനായി 27-04-2022-ൽ എയിംസിലൂടെ സമർപ്പിച്ചിരുന്ന വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന 2021-22-ലെ സംക്ഷിപ്ത ധനകാര്യ റിസൽറ്റുകൾ ചുവടെ ചേർക്കുന്നു.

1. റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | |
|---|---|
| മുന്നിരിപ്പ് (കാഷ്+ബാങ്ക്) | 1,17,19,765 |
| ഓഡിറ്റ് വർഷത്തെ വരവ് | 11,00,25,655 |
| ആകെ വരവ് | 12,17,45,420 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 10,44,59,417 |
| നീക്കിയിരിപ്പ് (കാഷ്+ബാങ്ക്) | 1,72,86,003 |

2. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | |
|---|---|
| ആകെ വരവ് | 18,89,75,459 |
| ആകെ ചെലവ് | 18,04,38,852 |
| പ്രവർത്തന നഷ്ടം | 85,36,607 |

3. 31-03-2022 പ്രകാരമുള്ള ബാലൻസ് ഷീറ്റ്

| | |
|---|---|
| ആകെ ആസ്തിമൂല്യം | 8,13,28,928 |
| ആകെ ബാധ്യത(ജനറൽ ഫണ്ട് ഒഴികെ) | 2,78,58,986 |
| ജനറൽ ഫണ്ട് | 53469942 |

മേൽ വിവരിച്ച ധനകാര്യ റിസൽറ്റുകൾ പ്രതിഫലിപ്പിക്കുന്ന ധനകാര്യ പത്രികകൾ ഓഡിറ്റിൽ പരിശോധിച്ചതിലും വിശകലനം ചെയ്തതിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വസ്തുനികുതി-ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-43), നീക്കിബാക്കി (ഷെഡ്യൂൾ B-15) തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2.ഷെഡ്യൂൾ ബി-9: Other Liabilities- Recoveries Payable(Other Deductions)- ജീവനക്കാരിൽ നിന്നും CMDRF തുക ഈടാക്കി അടച്ചെങ്കിലും ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു. ആയത് ബാധ്യതയിൽ നിന്നും ഒഴിവാക്കി ക്രമീകരിക്കേണ്ടതാണ്.

3. ഷെഡ്യൂൾ ബി-9: Other Liabilities-Service Tax Payable- വസ്തുനികുതിയോടൊപ്പം ഈടാക്കിയ സേവന ഉപനികുതി തെറ്റായി ബാധ്യത ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടുള്ളത് ക്രമീകരിക്കേണ്ടതാണ്.

4. ഷെഡ്യൂൾ ബി-9: Other Liabilities- Liability In Respect Of Stale Cheque- അക്കൗണ്ട് ചെയ്തിരിക്കുന്ന തുക ക്രമീകരിക്കേണ്ടതാണ്.

5. ഷെഡ്യൂൾ I-6 & I-14(a): MG-NREGA- ലഭ്യമാക്കിയിട്ടുള്ള വരവ് ചെലവ് കണക്കുകൾ, വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

6. ഷെഡ്യൂൾ ബി-11(a): Capital Work In Progress- Furniture & Fixtures, പൂർത്തിയായ നിർമ്മാണ പ്രവൃത്തി എന്നിവ തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു (₹ 5,49,988). ആയത് ക്രമീകരിക്കേണ്ടതാണ്.

7. ഷെഡ്യൂൾ ബി-11: Fixed Assets-Electricity Line Extension- തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്ന ₹ 2,49,258 Other Construction എന്ന ഹെഡിലേക്ക് മാറ്റി അക്കൗണ്ട് ചെയ്യേണ്ടതാണ്.

8. പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ കോൺഫറൻസ് സിസ്റ്റം, മൈക്ക് സൌണ്ട് സിസ്റ്റം സ്ഥാപിക്കൽ (S0117/22)

നിക്ഷേപ പ്രവൃത്തി (₹ 169912) കാപ്പിറ്റൽ വർക്ക്-ഇൻ-പ്രോഗ്രസ്സിൽ തെറ്റായി അക്കൗണ്ട് ചെയ്തിട്ടുള്ളത് ക്രമീകരിക്കേണ്ടതാണ്.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,17,19,765 |
| ഓഡിറ്റ് വർഷത്തെ വരവ് | 11,00,25,655 |
| ആകെ വരവ് | 12,17,45,420 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 10,44,59,417 |
| നീക്കിയിരിപ്പ് | 1,72,86,003 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | ഇല്ല | 15866000 | 15866000 | 15010442 | 855558 |
| വികസന ഫണ്ട്- എസ്.സി.പി | ,, | 4305400 | 4305400 | 3795822 | 509578 |
| വികസന ഫണ്ട്- ടി.എസ്.പി | ,, | 1073200 | 1073200 | 956649 | 116551 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | ,, | 5796320 | 5796320 | 2189220 | 3607100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | ,, | 3282085 | 3282085 | 2820194 | 461891 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | ,, | 17544202 | 17544202 | 16245573 | 1298629 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | ,, | 5862189 | 5862189 | 4721952 | 1140237 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| വിമുക്തി | 30424 | - | 30424 | 30424 | - |
| ബയോഡൈവേഴ്സിറ്റി | - | 1304234 | 1304234 | - | 1304234 |
| ലൈഫ് മിഷൻ – സ്റ്റേറ്റ് വിഹിതം | - | 3400000 | 3400000 | 3160000 | 240000 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ഐ.സി.ഡി.എസ്. | 843518 | 965725 | 1809243 | 1395568 | 413675 |
| ദേശീയ തൊഴിലുറപ്പ് പദ്ധതി | 20895 | 41368175 | 41389070 | 41388722 | 348 |
| പൈക്ക | 3361 | -- | 3361 | -- | 3361 |
| ശുചിത്വമിഷൻ | 2535660 | -- | 2535660 | 856800 | 1678860 |

* ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് & അൺ-ടൈഡ്)- ഈ-ഗ്രാം സ്വരാജ് വഴി ലഭിച്ച തുക ലാപ്സാകുന്നില്ല. 33,02,870 രൂപ 2022-23 വർഷത്തേക്ക് ക്യാരി ഓവർ ചെയ്ത് കിട്ടിയിട്ടുണ്ട്.

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ(അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 938667 |
| ,, | അങ്കണവാടി അധിക വേതനം | 1226400 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 44000 |

## 1-5 പദ്ധതി അവലോകനം

2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 192 | 116720574 | 156 | 71126396 | 0 | 36 | 81.25 |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയപ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 15 | 15 | 3676271 | 3341519 |
| വെറ്ററിനറി സർജൻ | 10 | 10 | 6271470 | 5394760 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 4 | 4 | 1350000 | 1283953 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 1 | 139789 | 30000 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 3 | 550000 | 530000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10 | 7 | 44012649 | 17916020 |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | 8 | 7 | 5243600 | 4718032 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 5784361 | 4044559 |
| സെക്രട്ടറി | 37 | 32 | 16031185 | 11953765 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 90 | 65 | 30346249 | 19033175 |
| ഹെഡ്മാസ്റ്റർ | 7 | 6 | 1590000 | 1380613 |
| അസി.സെക്രട്ടറി | 3 | 3 | 1725000 | 1500000 |
| ആകെ | 192 | 156 | 116720574 | 71126396 |

വിഭാഗം

| വിഭാഗം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 165 | 132 | 80 | 86775374 | 57674925 | 66.46 |

| | | | | | | |
|---|---|---|---|---|---|---|
| പ്രത്യേക ഘടകപദ്ധതി | 16 | 14 | 87.5 | 16691600 | 6252822 | 37.46 |
| പട്ടികവർഗ്ഗ ഉപപദ്ധതി | 11 | 10 | 90.90 | 13253600 | 7198649 | 54.31 |
| ആകെ | 192 | 156 | 81.25 | 116720574 | 71126396 | 63.68 |

മേഖല

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ഉല്പാദനം | 25 | 21 | 84 | 15807102 | 12606219 | 79.75 |
| സേവനം | 73 | 59 | 80.82 | 72146491 | 37362785 | 51.79 |
| പശ്ചാത്തലം | 94 | 76 | 80.85 | 28766981 | 21157392 | 73.55 |
| ആകെ | 192 | 156 | 81.25 | 116720574 | 71126396 | 60.94 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 20895 | 2425368 | 2446263 | 2445915 | 348 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 38942807 | 38942807 | 38942807 | -- |
| ആകെ | 20895 | 41368175 | 41389070 | 41388722 | 348 |

*ഭരണ ചെലവുകളിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് അഡ്വാൻസ് ആയി ലഭിച്ച 17,71,125 രൂപയുടെ വരവും 6,53,788 രൂപയുടെ റീഫണ്ടും ഉൾപ്പെടുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 22,54,700 | 101 |
| വിധവാപെൻഷൻ | 1,64,48,100 | 791 |
| വാർദ്ധക്യകാല പെൻഷൻ | 3,96,37,500 | 2263 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 55,36,000 | 265 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 55,390 | 28 |

## 1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ്/ബാങ്ക് ബാലൻസ് പരിശോധന 21-02-2023-ൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 51,861 (അമ്പത്തി ഒന്നായിരത്തി എണ്ണൂറ്റി അറുപത്തൊന്ന് രൂപ മാത്രം) കാഷ് നീക്കിയിരുപ്പിന്റെയും ₹ 1,250 ബാങ്ക് നീക്കിയിരുപ്പിന്റെയും കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. മാസാന്ത്യ, വർഷാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തി കണക്കുകൾ സൂക്ഷിക്കുന്നുണ്ട്. അനുബന്ധ രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമാണ്.

വാർഷിക കണക്കുകൾ കൃത്യമായി തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുള്ളത് കൃത്യമായ ഇടവേളകളിൽ മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തി ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടുമാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

ഉപയോഗപ്രദമല്ലാത്ത കുടിവെള്ളടാപ്പുകൾ വിച്ഛേദിക്കുന്നതിനുവേണ്ടി സംയുക്തപരിശോധന നടത്തുകയും, തൽഫലമായി 100 കണക്ഷനുകൾ വിച്ഛേദിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ആയതിനനുസൃതമായി കുടിവെള്ളക്കരത്തിൽ ഗണ്യമായ തുകയുടെ കുറവ് വന്നിട്ടുണ്ട്. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശത്തിനനുസൃതമായി മരണപ്പെട്ടതും അനർഹരുമാണെന്ന് കണ്ടെത്തിയ 400 ഗുണഭോക്താക്കളെ വിവിധ ക്ഷേമ പെൻഷനുകളുടെ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താനും സാധിച്ചു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-04-2019 | 2004-05 മുതൽ 2008-09 വരെ | 11-06-2009 |
| പെർഫോമൻസ് ഓഡിറ്റ് | 28-06-2022 | 01/2022 മുതൽ 03/2022 വരെ | 28-12-2022 |

## 1-11 നവോദയ വിദ്യാലയത്തിലെ സ്റ്റാഫ് ക്വാർട്ടേഴ്സുകളുടെ വസ്തുനികുതി അനധികൃതമായി ഒഴിവാക്കി

11-ാം വാർഡിൽ പ്രവർത്തിക്കുന്ന നവോദയ വിദ്യാലയത്തിലെ ജീവനക്കാർ താമസിക്കുന്ന സ്റ്റാഫ് ക്വാർട്ടേഴ്സ് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയിട്ടുള്ളതായി സഞ്ചയയിലെ വിവരങ്ങൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടു. XI/90, 91, 92 എന്നീ നമ്പരുകളിലുള്ള കെട്ടിടങ്ങൾക്കാണ് ഇപ്രകാരം അനർഹമായി നികുതി ഇളവ് നൽകിയിട്ടുള്ളത്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 203-ാം വകുപ്പ് പ്രകാരം ചുമത്താവുന്ന വസ്തുനികുതി, 200 (2)-ാം വകുപ്പ് പ്രകാരം ചുമത്താവുന്ന സേവന ഉപനികുതി എന്നിവയിൽനിന്നും ഒഴിവാക്കാവുന്ന കെട്ടിടങ്ങളെ സംബന്ധിച്ച് 207-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും 207 (1) ബി, ബിഎ ഉപവകുപ്പ് പ്രകാരം നികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

വിദ്യാഭ്യാസ സ്ഥാപനത്തോട് ചേർന്നതും എന്നാൽ ഹോസ്റ്റലുകളല്ലാത്തതുമായ വാസഗൃഹങ്ങൾക്ക് നികുതി ഇളവ് നൽകാവുന്നതല്ലെന്നും എന്നാൽ, സർക്കാരിനും സർക്കാരിന്റെ അനുവാദത്തോടുകൂടി ഗ്രാമപഞ്ചായത്തിനും ഏതൊരു കെട്ടിടത്തിന്റെയും നികുതി ഒഴിവാക്കാമെന്നും 207-ാം വകുപ്പിന്റെ വിശദീകരണത്തിൽ (1 & 2) സ്പഷ്ടമാക്കിയിട്ടുണ്ട്.

വെച്ചൂച്ചിറ നവോദയ വിദ്യാലയത്തിന് ഇപ്രകാരം നികുതിയിളവ് നൽകിയിട്ടുണ്ടോ എന്ന് സെക്രട്ടറിയോട് ഓഡിറ്റ് എൻക്വയറി മുഖേന ആരാഞ്ഞതിൽ, നവോദയ പ്രിൻസിപ്പലിന് കത്തു നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

വസ്തുനികുതി ചട്ടങ്ങൾ പാലിക്കാതെ കെട്ടിടത്തിന്റെ നികുതി നിർണ്ണയം നടത്തിയതിനാൽ പഞ്ചായത്തിനു ലഭിക്കേണ്ട നികുതിയിൽ കുറവുണ്ടായിട്ടുള്ളതായി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

ശ്രീമതി സുനിത രാജേന്ദ്രൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന II/116A, II/116B എന്നീ വാണിജ്യാവശ്യ

കെട്ടിടങ്ങളോട് ചേർന്ന് II/116C, II/116D എന്നീ കെട്ടിട ഭാഗങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഇവയുടെ ആകെ വിസ്തീർണ്ണം 117 ച.മീറ്ററാണ്. (18+47+26+26). ഒരേ ഉടമസ്ഥതയും ഉപയോഗക്രമവുമുള്ളതിനാൽ, നികുതി നിർണ്ണയത്തിൽ ബാധകമായ, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പ് പ്രകാരവും, പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള നികുതി നിരക്ക് പ്രകാരവും ച.മീറ്ററിന് 60രൂപ ക്രമത്തിൽ നികുതി ഈടാക്കേണ്ടതായിരുന്നു. ഇതിനു പകരം ച.മീറ്ററിന് 40രൂപ എന്ന നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇതുമൂലം നികുതിനഷ്ടമുണ്ടായിട്ടുണ്ട്.

ഈ വിവരം 23.02.2023ൽ 24-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. അപാകത പരിഹരിക്കുന്നതിനായി സഞ്ചയയിൽ ഡിമാൻഡിൽ മാറ്റം വരുത്തിയിട്ടുണ്ടെന്നും, പുതുക്കിയ നിരക്കിലുള്ള നികുതി ഉടൻതന്നെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി.

## 1-13 ഘടനാപരമായ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിച്ചില്ല

ഒരിക്കൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഘടനാപരമായി മാറ്റം വരുത്തുന്നപക്ഷം അവയുടെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

നിലവിലുള്ള കെട്ടിടത്തോടൊപ്പം കൂടുതൽ മുറികൾ കൂട്ടിച്ചേർക്കൽ, മേൽക്കൂര മാറ്റൽ, പാർക്കിംഗ് സ്ഥലം കെട്ടിയടച്ച് വാണിജ്യാവശ്യത്തിന് ഉപയോഗിക്കൽ, കെട്ടിടത്തിനു ചുറ്റും നിയമാനുസൃതം ഒഴിച്ചിടേണ്ട സ്ഥലത്ത് നിർമ്മാണം നടത്തൽ, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നികുതി നിർണ്ണയിച്ചതിനുശേഷം സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് സിസ്റ്റം സ്ഥാപിക്കൽ എന്നിവയെല്ലാം പരിശോധിച്ച് അതിനനുസൃതമായി നികുതി പുനർ നിർണ്ണയിക്കാവുന്നതാണ്.

വസ്തുനികുതി നിർണ്ണയത്തിനു ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുന്ന സംഗതിയിൽ നികുതി നിർണ്ണയ അധികാരി സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച് 2011ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17ൽ പ്രതിപാദിച്ചിട്ടുണ്ട്.

1. നികുതി നിർണ്ണയത്തിനു ശേഷം മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വിവരം കെട്ടിട ഉടമകൾ പഞ്ചായത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ് (ചട്ടം17.1)
2. ഇപ്രകാരം നികുതി നിർണ്ണയത്തിനു ശേഷം മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വിവരം കെട്ടിട ഉടമകൾ പഞ്ചായത്തിൽ രേഖാമൂലം അറിയിക്കാത്ത സാഹചര്യത്തിൽ, പഞ്ചായത്ത് നേരിട്ട് പരിശോധന നടത്തി, വിവരങ്ങൾ ശേഖരിക്കേണ്ടതും, വിവരം രേഖാമൂലം ലഭ്യമാക്കാത്ത കെട്ടിട ഉടമകളിൽനിന്നും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ് (ചട്ടം17.2)
3. കെട്ടിട ഉടമ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കാതിരിക്കുന്ന സാഹചര്യത്തിൽ സെക്രട്ടറി, കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതാണ് (ചട്ടം17.4)

ഈ വിഷയം 23.02.2023ൽ 23-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഇതു സംബന്ധിച്ച് പ്രത്യേക അജണ്ടയായി കമ്മറ്റിയിൽ ചർച്ച നടത്തി, തുടർനടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 വാടകക്കുടിശ്ശിക പിരിച്ചെടുത്തില്ല

വെച്ചൂച്ചിറ മാർക്കറ്റിലെ സ്റ്റാൾ നം 9, 16, 25, 26എന്നിവയിൽ വ്യാപാരം നടത്തിയവർ 2020-21 സാമ്പത്തിക വർഷം വാടക കുടിശ്ശിക വരുത്തിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല. 2021-22 വർഷം പ്രസ്തുത സ്റ്റാളുകൾ ആരും ലേലത്തിൽ എടുത്തിട്ടുമില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്റ്റാൾ നമ്പർ | വാടകക്കാരന്റെ വിവരം | കുടിശ്ശിക തുക (നികുതി ഉൾപ്പെടെ) |
|---|---|---|---|
| 1 | 9 | പി.റ്റി.വർഗീസ്, പാട്ടശ്ശേരിൽ വെച്ചൂച്ചിറ | 1853 |
| 2 | 16 | അബ്ദുൾ അസീസ് പള്ളിത്തടത്തിൽ ചുങ്കപ്പാറ | 44394 |
| 3 | 25 & 26 | അബ്ദുൾ അസീസ് | 43654 |

| | | | |
|---|---|---|---|
| | | പള്ളിത്തടത്തിൽ ചുങ്കപ്പാറ | |
| | | ആകെ | 89901 |

വാടകക്കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 തൊഴിൽനികുതി പിരിവിലെ അപാകതകൾ

തൊഴിൽനികുതി പിരിച്ചെടുക്കുന്നതിൽ പോരായ്മകളുണ്ട്. ഒരു അർദ്ധവർത്തിൽ അറുപതു ദിവസത്തിൽ കുറയാത്ത കാലയളവിൽ പഞ്ചായത്ത് പ്രദേശത്ത് ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരിൽനിന്ന് തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് നിഷ്കർഷിക്കുന്നു. എന്നാൽ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നായ തൊഴിൽനികുതി പിരിവ് കാര്യക്ഷമമല്ലെന്ന് 2021-22സാമ്പത്തിക വർഷത്തെ തൊഴിൽനികുതി സംബന്ധിച്ച അർദ്ധ വർഷ റിട്ടേണുകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടു. പ്രധാനപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

I)ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

വിവിധ സർക്കാർ സ്ഥാപനങ്ങളിൽ സ്ഥിരം തസ്തികയിലും / താത്കാലിക വ്യവസ്ഥയിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാതിരുന്നതിന്റെ വിവരം.

| സ്ഥാപനം | നികുതി ഒടുക്കാനുള്ള അർദ്ധവർഷം |
|---|---|
| റബ്ബർ ബോർഡ് റീജിയണൽ ഓഫീസ് | IInd |
| അസിസ്റ്റന്റ് എഞ്ചിനീയർ, LID&EW കാര്യാലയം | IInd |
| അസിസ്റ്റന്റ് എഞ്ചിനീയർ, LID&EW കാര്യാലയത്തിലെ താത്കാലിക ജീവനക്കാർ | Ist & IInd |
| കൃഷി ഓഫീസ് | IInd |
| MGNREGS ഓഫീസ് | Ist & IInd |
| പൊലീസ് സ്റ്റേഷൻ, വെച്ചൂച്ചിറ (സബ് ഇൻസ്പെക്ടർ ഓഫ് പൊലീസ്, ഇൻസ്പെക്ടർ ഓഫ് പൊലീസ് എന്നിവർ മാത്രം) | IInd |

Ii)സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാൻഡ് ചെയ്തില്ല

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ നിരവധി സ്ഥാപനങ്ങളിൽ ജീവനക്കാർ ദിവസ / മാസ ശമ്പളത്തിന് ജോലിയിലേർപ്പെട്ടിരിക്കുന്നതായി, 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് അപേക്ഷകളിൽ സ്ഥാപന ഉടമകൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവരിൽനിന്ന് നിയമാനുസൃതമായി ഈടാക്കേണ്ട തൊഴിൽനികുതി ഡിമാൻഡ് ചെയ്തിട്ടില്ല. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | ടയർ കെയർ പ്ലസ് |
| 2. | പുളിക്കയിൽ ഹയറിംഗ് |
| 3. | ഉലക്കപ്പാട്ടിൽ പെയിന്റ് ആൻഡ് ഹാർഡ് വെയർ |
| 4. | തടത്തേൽ ഹാർഡ് വെയർ |
| 5. | കൊണാട്ട് കുന്നേൽ ഫർണിച്ചർ മാർട്ട് |
| 6. | മണിമലേത്ത് ഹാർഡ് വെയർ |
| 7. | ഓമണ്ണിൽ ഫിഷ് മാർക്കറ്റ് |
| 8. | ചോയ്സ്, വെച്ചൂച്ചിറ |
| 9. | മംഗല്യ ടെക്സ്റ്റൈൽസ് ആൻഡ് ഫുട് വെയർ |
| 10. | വൈഗ ട്രേഡിംഗ് |
| 11. | മങ്കത്താനം ഓയിൽ ആൻഡ് ഫ്ലൌർ മിൽ |
| 12. | മണിമലേത്ത് സ്റ്റീൽസ് |

| | |
|---|---|
| 13. | മരുതിമൂട്ടിൽ സ്റ്റോഴ്സ് |
| 14. | ആദി ഇന്റർനെറ്റ് കഫേ |
| 15. | മോഡേൺ ഫുഡ് പ്രോഡക്ട്സ് |
| 16. | പിറ്റിഡി അസോസിയേറ്റ്സ് |
| 17. | പനമറ്റം ഹോട്ടൽ |
| 18. | അച്ചൂസ് ഓട്ടോ സ്പെയർ പാർട്സ് |
| 19. | അശ്വതി സിൽക്സ് |
| 20. | പി.കെ. ഫിഷ് ആൻഡ് വെജിറ്റബിൾസ് |
| 21. | കല്ലിരിക്കുന്നേൽ സ്റ്റോഴ്സ് |
| 22. | അപ്പൂസ് ഗാർമെന്റ്സ് |
| 23. | സ്വീറ്റ് പാലസ് |
| 24. | നെല്ലിക്കൽ ചിക്കൻ സെന്റർ, ചെമ്പനോലി |
| 25. | അക്ഷയശ്രീ, കൊല്ലമുള |
| 26. | ജെഎംഎസ് ടെക്നോളജി |
| 27. | ലക്ഷ്മി സൂപ്പർ ബസാർ |
| 28. | എബിസി സ്പെയർ |
| 29. | വെൺകുറിഞ്ഞി റബ്ബേഴ്സ് |
| 30. | മണിമലേത്ത് ഹോളോ ബ്രിക്സ് |
| 31. | മുറിഞ്ഞകല്ലിൽ ട്രേഡേഴ്സ് |
| 32. | മുക്കുട്ടുതറ ട്രേഡേഴ്സ് |
| 33. | തെക്കേപ്പറമ്പിൽ സോമിൽ |
| 34. | തെക്കേപ്പറമ്പിൽ ഏജൻസി |
| 35. | ഡ്രീം ഹോം |
| 36. | പ്രതിഭ മെഡിക്കൽസ് |
| 37. | ഗ്രേറ്റ് ഫിഷറീസ് |
| 38. | രേഷ്മ സ്റ്റോർ, വെൺകുറിഞ്ഞി |
| 39. | വെച്ചൂച്ചിറ മിൽക്ക് പ്രൊഡ്യൂസേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി |
| 40. | നത്തൻപാറ ജനറൽ സ്റ്റോഴ്സ് |
| 41. | പഴനിലേത്ത് ഇൻഡസ്ട്രീസ് |
| 42. | അമീൻ ഷോപ്പ്, ചാത്തൻതറ |
| 43. | സിസിറോൺ കേറ്ററിംഗ് |
| 44. | പോട്ടൽ ബിസ്മി |
| 45. | പീടികപ്പറമ്പിൽ ഇലക്ട്രിക്കൽസ് |
| 46. | പികെ സ്റ്റോഴ്സ് |
| 47. | ചരളയിൽ സ്റ്റോഴ്സ് |
| 48. | ഫ്രഷ് ആൻഡ് ഈസി സൂപ്പർമാർക്കറ്റ് |
| 49. | Saras Boutique |
| 50. | കുഴിപ്പള്ളിൽ സ്റ്റോഴ്സ് |
| 51. | ആൽഫ ഫുഡ് പ്രോഡക്ട്സ് ആൻഡ് റീ പായ്ക്കിംഗ് |
| 52. | ESSEM ആയുർവേദിക്സ് |
| 53. | ജീവജ്വാല |
| 54. | ചെറുകണ്ടം മെഡിക്കൽസ് |
| 55. | ഏയ്ഞ്ചൽ ബ്രിക്സ് |
| 56. | തൃപ്തി ബേക്കറി |

| | |
|---|---|
| 57. | വെറൈറ്റി ഫുട്വെയർ |

ജീവനക്കാരെ ജോലിക്ക് നിയോഗിച്ചിരിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളുടെ പേരുവിവരം പഞ്ചായത്തിലെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്ററിൽ ഇല്ല.

തൊഴിൽനികുതി പിരിച്ചെടുക്കുന്നതിലെ അപാകതകൾ ഓഡിറ്റ് എൻക്വയറി (11/22.02.2023, 15/23.02.2023, 25/27.02.2023) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. തൊഴിൽനികുതി കുടിശ്ശിക സഹിതം പിരിച്ചെടുക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കുന്ന വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-16 സംയുക്തപരിശോധന നടത്തി, വെള്ളക്കരം കുറഞ്ഞു

കേരള ജലഅതോറിറ്റി ചീഫ് എഞ്ചിനീയറുടെ 23-3-2022 ലെ AB5/845/LSG/06നമ്പർ കത്ത് പ്രകാരം 3/2022 വരെയുള്ള വാട്ടർചാർജ് ബിൽ പ്രകാരമുള്ള തുക 4122898/- ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം അടവാക്കുന്നപക്ഷം 2831080/- അടച്ചാൽ മതിയെന്ന അറിയിപ്പിന്റെ അടിസ്ഥാനത്തിൽ 2021-22വർഷം 1930000/-രൂപയും (ബിൽനം. 47/21-22,24-3-22)

2022-23 വർഷം 901080/- രൂപയും (ബിൽനം.21/30-11-22) വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഉപയോഗരഹിതമായ കുടിവെള്ളടാപ്പുകൾ പ്ലഗ്ഗുചെയ്യുന്നതിന് തനത്ഫണ്ടിൽ നിന്നും 137000/-രൂപ (ചെക്ക് നം.64704/11.3.22) ജല അതോറിറ്റി പബ്ലിക് ഹെൽത്ത് ഡിവിഷൻ എക്സി.എഞ്ചിനീയറുടെ 21-2-2022ലെ ഡി.ബി2-19/2021 കത്തിന്റെ അടിസ്ഥാനത്തിൽ ഒടുക്കിയിട്ടുണ്ട്. 141 ടാപ്പുകൾക്ക് പ്രതിമാസം 64778/-രൂപ വെള്ളക്കരം ബാധ്യതയുണ്ടായിരുന്ന സ്ഥാപനം ഉപയോഗരഹിതമായ 100 ടാപ്പുകൾ വിച്ഛേദിച്ചതിനെത്തുടർന്ന് 4/2022 മുതൽ 41 ടാപ്പുകൾക്ക് പ്രതിമാസം 19776 രൂപയാണ് കുടിവെള്ളക്കരം ഒടുക്കുന്നത്. കുടിവെള്ളക്കരമിനത്തിൽ പഞ്ചായത്തിന്റെ തനത്ഫണ്ടിൽ നിന്നുള്ള പ്രതിമാസ ബാധ്യത ഗണ്യമായ നിരക്കിൽ കുറവ് വരുത്തിയത് അഭിനന്ദനാർഹമാണ്.

## 1-17 പഠനോപകരണങ്ങൾ നൽകൽ - അനുവദനീയമല്ലാത്ത ഇനം വാങ്ങി

പഠനോപകരണങ്ങൾ (Hard Wood Study Table With Shelf) വാങ്ങി വിതരണം ചെയ്യുന്നതിനായി ഹെഡ്മാസ്റ്റർ, ജിഎൽപിഎസ്, കുന്നം നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പ്രകാരം സ്റ്റഡി ടേബിൾ വാങ്ങിയതിൽ സർക്കാരിന്റെ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല. ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ ) ലിമിറ്റഡ് എന്ന സ്ഥാപനത്തിൽനിന്ന് ടെണ്ടർ കൂടാതെ വാങ്ങുന്നതിന് സർക്കാർ അനുമതിയില്ലാത്ത ഇനം സ്റ്റഡി ടേബിളാണ് വാങ്ങി വിതരണം ചെയ്തത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം / പ്രോജക്ടിന്റെ പേര് | ചെലവ് | വാങ്ങിയ സ്റ്റഡി ടേബിളുകൾ | ഇൻവോയ്സ് നം, തീയതി |
|---|---|---|---|
| 230/2022 – എസ്.റ്റി വിഭാഗം കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകൽ | 56250 | 11 | 321/21-22തീയതി 10.02.2022 |
| 17/2022 – പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ | 300000 | 60 | 321/21-22തീയതി 10.02.2022 |

Hard Wood Study Table With Shelf 75x50x75 Cm Height. Top Plywood And Formica. Leg Ssize 4x4cm, Frame Size5x2.5cm Size. Study Chair Reaper Seat And Back (Armless). Leg Size 5x3cm And Frame Size 5x2.5cm. Seat Size 45x45cm (Table And Chair 1 Set). എന്ന ഇനം സ്റ്റഡി ടേബിളും ചെയറുമാണ് വാങ്ങിയിട്ടുള്ളത്.

ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് എന്ന സ്ഥാപനത്തിൽനിന്ന് ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുമതിയുള്ള ഇനങ്ങൾ സംബന്ധിച്ച് G.O(Rt) No.40/2019/SPD പ്രകാരമുള്ള സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ ഇനം മേശയും കസേരയും പ്രസ്തുത ഉത്തരവിന്റെ അനുബന്ധ പട്ടികയിൽ ഇല്ല. സർക്കാർ അനുമതിയില്ലാത്ത ഇനം ഉപകരണങ്ങളാണ് ഇപ്രകാരം ടെണ്ടർ കൂടാതെ വാങ്ങിയത്.

ഈ വിഷയം 23.02.2023ൽ 21-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ സർക്കാർ നിർദ്ദേശം കർശനമായി പാലിക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - അധികതുക നൽകി

വാർഷിക പദ്ധതിയുടെ ഭാഗമായി ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകിയപ്പോൾ, പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അനുവദിക്കാവുന്ന തുകയിൽ അധികമായി സബ്സിഡി അനുവദിച്ച് നൽകിയതായി കണ്ടെത്തി. വിശദവിവരങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-19 വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി അനുവദനീയമല്ലാത്ത പദ്ധതികൾ നടപ്പിലാക്കുന്നു

വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തി തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങളാണ് വനിതാ ഘടക പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പദ്ധതികൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ലായെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്താവുന്ന പദ്ധതികൾ സംബന്ധിച്ച പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേരക്കുന്നു.

| പദ്ധതികളുടെ വിവരം | ചെലവ് തുക |
|---|---|
| വനിതാ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി, SO 19/22 | 16,00,000 |
| കറവപ്പശുക്കൾക്ക് കാലിത്തീറ്റ, SO 24/19 | 10,02,000 |
| വനിതകൾക്ക് മുട്ടക്കോഴി വിതരണം, SO 28/22 | 4,23,600 |
| SC വനിതകൾക്ക് മുട്ടക്കോഴി വിതരണം, SO 29/22 | 30,000 |
| SC വനിതകൾക്ക് മുട്ടക്കോഴി വിതരണം, SO 30/22 | 22,800 |

| | |
|---|---|
| പച്ചക്കറി തൈകളുടെ വിതരണം, SO 55/22 | 1,00,000 |
| ജൈവകൃഷി പ്രോത്സാഹനം, SO 196/22 | 1,78,200 |
| SC വനിതകൾക്ക് കറവ പശുവിനെ നൽകൽ, SO 236/22 | 1,50,000 |
| വനിതകൾക്ക് കറവ പശുവിനെ നൽകൽ, SO 237/22 | 4,50,000 |
| SC വനിതകൾക്ക് കറവ പശുവിനെ നൽകൽ, SO 238/22 | 1,20,000 |

ടി പദ്ധതികൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയത് പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ച മാർഗ്ഗരേഖാ നിർദ്ദേശങ്ങളുടെ അന്തസത്തയ്ക്ക് നിരക്കുന്നതല്ല. പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായ പദ്ധതികൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 സംയുക്ത പദ്ധതികൾക്ക് ലഭിക്കുന്ന ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

സംയുക്ത പദ്ധതികളുടെ നിർവഹണത്തിനായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച തുകയിൽ 65,90,784 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി വാർഷിക ധനകാര്യപത്രിക വെളിപ്പെടുത്തുന്നു. മുൻവർഷങ്ങളിൽ ലഭിച്ച തുകയിൽ ചെലവഴിക്കാതെ കിടക്കുന്ന തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.18/21-22 തീയതി: 22-02-2023) നൽകിയിരുന്നു. പഞ്ചായത്തിന്റെ കൈവശം കൃത്യമായ വിവരങ്ങൾ ഇല്ലെന്നും, 2018-19 സാമ്പത്തിക വർഷത്തിൽ കിണർ റീ-ചാർജ്ജ് പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച 35,00,000 രൂപ വീണ്ടും അതേ പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാരിൽനിന്നുള്ള അനുവാദത്തിനായി കത്ത് നൽകിയിട്ടുണ്ടെന്നും ബാക്കിയുള്ള തുക സർക്കാരിലേക്ക് തിരികെ അടച്ചുകൊള്ളാമെന്നുമുള്ള മറുപടിയാണ് ലഭ്യമാമാക്കിയത്.

സംയുക്ത പ്രോജക്കുകളുടെ വിഭവ വിനിയോഗത്തിന് 23.01.2017-ലെ ജി.ഒ.(പി.)നം.07/2017/ധന. നമ്പർ ഉത്തരവ് പ്രകാരം ധനവകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം സംയുക്ത പ്രോജക്കുകൾക്ക് ലഭിക്കുന്ന തുക അതേവർഷം ചെലവഴിക്കാൻ കഴിയില്ലെങ്കിൽ ഫെബ്രുവരി 28-നകം തുക നൽകിയ തദ്ദേശഭരണ സ്ഥാപനത്തിന് തിരികെ നൽകണം. സാമ്പത്തിക വർഷാന്ത്യത്തിൽ സംയുക്ത പ്രോജക്കിന്റെ നിർവ്വഹണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽനിന്നുള്ള ചെലവും, ട്രഷറി തുകയും തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതും, അക്കൗണ്ടിൽ ചെലവാകാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. സംയുക്ത പദ്ധതികൾക്ക് ലഭിക്കുന്ന തുക കൃത്യമായി അതത് പദ്ധതികൾക്ക് വിനിയോഗിക്കേണ്ടതും വിനിയോഗ വിവരം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളെ അറിയിക്കേണ്ടതുമാണ്. സംയുക്ത പദ്ധതികളുടെ വിനിയോഗത്തിന് പഞ്ചായത്ത് തലത്തിൽ ശക്തമായ മോണിറ്ററിംഗ് സംവിധാനം ഉണ്ടാകേണ്ടത് അനിവാര്യമാണ്.

## 1-21 മെറിറ്റോറിയസ് സ്കോളർഷിപ്പ് - രേഖകൾ പരിശോധിക്കാതെ തുക നൽകി

2021-22വർഷം ഹെഡ്മാസ്റ്റർ, ജിഎൽപിഎസ്, കുന്നം നിർവ്വഹണം നടത്തിയ " പട്ടികജാതി ഉപരിപഠന വിദ്യാർത്ഥി മെറിറ്റോറിയസ് സ്കോളർഷിപ്പ് " (പ്രോജക്ട് നം.20/2022) എന്ന പ്രോജക്ടും അനുബന്ധ ഫയലും പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

I)മതിയായ രേഖകളില്ലാതെ ആനുകൂല്യം നൽകി

പ്രോജക്ട് പ്രകാരം സ്കോളർഷിപ്പ് ലഭിച്ച, ചുവടെ പറയുന്ന വിദ്യാർത്ഥികൾ പട്ടികജാതി വകുപ്പിൽനിന്നോ ബ്ലോക്ക് പഞ്ചായത്തിൽനിന്നോ ജില്ലാ പഞ്ചായത്തിൽനിന്നോ സ്കോളർഷിപ്പ് ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടോ എന്ന് പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | കൈപ്പറ്റിയ സ്കോളർഷിപ്പ് തുക |
|---|---|---|
| 1. | അഖിൽ ഷാ, പുലിപ്പാറ വീട്, വെച്ചൂച്ചിറ | 20000 |
| 2. | സൗമ്യമോൾ പി.കെ., പതാപ്പറമ്പിൽവീട്, വെച്ചൂച്ചിറ | 40000 |
| 3. | അനുപമ എം വിജയൻ, മാന്നിക്കൽ, എടത്തിക്കാവ് | 20000 |
| 4. | അനുപ്രിയ അജികുമാർ, പ്ലാംപറമ്പിൽ, വെച്ചൂച്ചിറ | 20000 |
| 5. | പ്രിയമോൾ പിബി., പാറക്കാട്ടുങ്കൽ വീട്, വെച്ചൂച്ചിറ | 20000 |
| 6. | രേഷ്മ സി രാജപ്പൻ, ചേന്നമല, വെച്ചൂച്ചിറ | 20000 |
| 7. | സോമലത പിഎം., പള്ളിപ്പറമ്പിൽ, വെച്ചൂച്ചിറ | 20000 |
| 8. | സൂര്യ സുരേഷ്, നെടുംതോട്ടിയിൽ, വെച്ചൂച്ചിറ | 20000 |

| | |
|---|---|
| ആകെ | 180000 |

ഇവരിൽ അനുപമ എം വിജയൻ എന്ന കുട്ടിയുടെ കോഴ്സ് സർട്ടിഫിക്കറ്റ്, ബാങ്ക് അക്കൌണ്ട് വിവരങ്ങൾ എന്നിവ ഇല്ല. അതിനാൽ സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള ടിയാളുടെ അർഹത ഉറപ്പുവരുത്തിയിട്ടില്ല.

സൂര്യ സുരേഷ് എന്ന കുട്ടിക്ക് പട്ടികജാതി വികസന വകുപ്പിൽനിന്നും ലാപ്ടോപ്പ് നൽകിയിട്ടില്ല എന്ന സർട്ടിഫിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത്.

ഈ വിഷയം 23.02.2023-ൽ 22-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തി. അർഹത തെളിയിക്കുന്നതിനുള്ള രേഖകൾ ശേഖരിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മതിയായ രേഖകളുടെ അഭാവത്തിൽ, ചെലവുതുക 1,80,000 തടസ്സപ്പെടുത്തുന്നു.

## 1-22 റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങാതെ പദ്ധതി ഭേദഗതി ചെയ്തു നടപ്പാക്കി

| | |
|---|---|
| പദ്ധതി അടങ്കൽ | ₹ 450000 |
| പദ്ധതി ചെലവ് | ₹ 439965 |
| ബിൽ നം. | 14700394386/<br>10-09-2021 |
| കരാറുകാരൻ | പി.കെ.ഷാജി |
| എഗ്രിമെന്റ് തീയതി,<br>എം.ബുക്ക് നം. | 02-11-2020<br>138/2020-21 |

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ "സന്തോഷ് കവല-ഇടകടത്തി മിൽമ പടി റോഡിൽ കൊല്ലം കുന്നേൽപടി റോഡിൽ ആറാക്കൽ പടി റോഡ് കോൺക്രീറ്റിംഗ്" പ്രവൃത്തിയിൽ (പ്രോജക്ട് നം. എസ്.0161/22), 109 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ 15 Cm. കനത്തിൽ കോൺക്രീറ്റ് ചെയ്യുന്നതിനായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി വാങ്ങിയിരുന്നത് (സാങ്കേതികാനുമതി നം. 69962/2020-21 തീയതി 19-09-2020).

പ്രവൃത്തിയുടെ എം.ബുക്ക് പരിശോധിച്ചതിൽ, പ്രവൃത്തിയുടെ രണ്ടാമത്തെ ഇനമായി 81.6 മീറ്റർ നീളത്തിൽ കോൺക്രീറ്റും, 60.25 മീറ്റർ നീളത്തിൽ റീ-കോൺക്രീറ്റിംഗുമാണ് നടത്തിയിട്ടുള്ളത്. സാങ്കേതിക അനുമതി ലഭിച്ച് ടെണ്ടർ നടത്തിയ പദ്ധതിയിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പാക്കിയത് എപ്രകാരമാണെന്നും, റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും കമ്മറ്റി തീരുമാനവും ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.08/21-22 തീയതി 22-02-2023) ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്.

"പ്രവൃത്തി തുടങ്ങുവാൻ സൈറ്റിൽ എത്തിയ സമയത്ത് കൂടുതൽ നീളത്തിൽ റോഡ് നശിച്ചുപോയിരുന്നു. ആയതിനാൽ തകർന്നു കിടക്കുന്ന 28 മീറ്റർ ഭാഗം ഇളക്കി മാറ്റി കോൺക്രീറ്റ് ചെയ്യുന്നതിന് പകരം കൂടുതൽ നീളത്തിൽ റീ-കോൺക്രീറ്റ് ചെയ്യണമെന്ന് നാട്ടുകാരും വാർഡ് മെമ്പറും ആവശ്യപ്പെട്ടതിനാലാണ് ഒറിജിനൽ എസ്റ്റിമേറ്റിൽ നിലനിർത്തി 60.25 മീറ്റർ നീളത്തിൽ റോഡ് റീ-കോൺക്രീറ്റിംഗ് ചെയ്തതെന്നും ഇത്കൊണ്ട് സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാധ്യതകളും ഉണ്ടായിട്ടില്ലെന്നും അറിയിച്ചിരുന്നു."

സാങ്കേതിക അനുമതി ലഭിച്ച മരാമത്ത് പ്രവൃത്തിയിൽ, ഏതെങ്കിലും ഘട്ടത്തിൽ ഭേദഗതി ആവശ്യമാകുന്ന പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കി വേണം പ്രോജക്ട് നടപ്പാക്കുവാൻ. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ലാപ്ടോപ്പ് വാങ്ങൽ – സർക്കാർ ഉത്തരവ് പാലിച്ചില്ല

ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്., കുന്നം നിർവ്വഹണം നടത്തിയ " പട്ടികജാതി ഉപരിപഠന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ " (പ്രോജക്ട് നം.21/2022) എന്ന പ്രോജക്ടും അനുബന്ധ ഫയലും പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

അഞ്ച് വിദ്യാർത്ഥികൾക്ക് സിഡ്കോയിൽനിന്ന് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനായി 1,99,363രൂപ ചെലവഴിച്ചിട്ടുണ്ട്. GEM മുഖേന വേണം ലാപ്ടോപ്പ് വാങ്ങേണ്ടതെന്നും, GEMൽ ലഭ്യമല്ലാത്തപക്ഷം ടെണ്ടർ/ഇ-ടെണ്ടർ മുഖേന വാങ്ങണമെന്നും ജി.ഒ.(ആർ.റ്റി.)നം.448/2022 തസ്വഭവ തീയതി 28.02.2022 പ്രകാരം സർക്കാർ

നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായിട്ടാണ് സിഡ്കോയിൽനിന്ന് ലാപ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത്.

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ലാപ്ടോപ്പ് കൈപ്പറ്റിയിട്ടുള്ള പ്രിയ സാബു, തോണിപ്പാറ, വെച്ചൂച്ചിറ, ശില്പ മോഹനൻ, കോമ്പിപ്പൊയ്കയിൽ, ചാത്തൻതറ എന്നിവർ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽനിന്ന് ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടോ എന്നതു സംബന്ധിച്ച സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല.

അഭിജിത്ത് പി.കെ., കുട്ടപ്പന്നയിൽ, വെച്ചൂച്ചിറ എന്ന വ്യക്തിയുടെ Course Certificate പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഈ വിഷയം 23.02.2023-ൽ 20-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തി. കെൽട്രോൺ മുഖേന വാങ്ങുമ്പോൾ കാലതാമസം ഉണ്ടാകും എന്നതിനാലാണ് ഇപ്രകാരം വാങ്ങേണ്ടിവന്നതെന്നും, ഗുണഭോക്താക്കളിൽനിന്ന് രേഖകൾ വാങ്ങി സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 സ്കൂളുകളുടെ പുനരുദ്ധാരണം-തടി ഉരുപ്പടികൾ ലേലം ചെയ്ത് മുതൽ കൂട്ടിയില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം ചാത്തൻതറ ജി.എൽ.പി.എസ്. നവീകരണം, കുന്നം ജി.എൽ.പി.എസ്. മേൽക്കൂര നിർമ്മാണം എന്നീ രണ്ട് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. സ്കൂളുകളുടെ മേൽക്കൂരയുടെ പഴയ തടി ഉരുപ്പടികൾ മാറ്റി സ്റ്റീൽ ഫാബ്രിക്കേഷൻ പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളത്. പഴയ തടി ഉരുപ്പടികളുടെ വിലയായി അസി.എഞ്ചിനീയർ 6500 രൂപ നിശ്ചയിച്ച് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ തടിഉരുപ്പടികൾ ലേലം ചെയ്ത് മുതൽകൂട്ടുന്നതിനായി അസി.എഞ്ചിനീയർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആയത് ലേലം ചെയ്ത് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ മുതൽകൂട്ടിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/2021-22, തീയതി: 22-02-2023) ലഭ്യമാക്കിയ മറുപടിയിൽ, തടി ഉരുപ്പടികൾ രണ്ട് തവണ ലേലം ചെയ്തിരുന്നുവെന്നും മതിപ്പുവില കൂടുതലായതിനാൽ ആരും ലേലം വിളിച്ചില്ലായെന്നും പുനർ വിലനിർണ്ണയത്തിനുശേഷം അടിയന്തിരമായി ലേലം ചെയ്ത് മുതൽകൂട്ടുന്നതാണെന്നുമുള്ള വിവരം ലഭ്യമാക്കിയിട്ടുണ്ട്.

## 1-25 അധികം ചെലവഴിച്ച തുക ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തിരികെ ഈടാക്കി

2021-22 സാമ്പത്തിക വർഷം വിവിധ പ്രോജക്കുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകളെ തുടർന്ന് അധികം ചെലവഴിച്ച തുക തിരികെ ഈടാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| എൻക്വയറി നമ്പർ | വിഷയം/പ്രോജക്റ്റ് നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഈടാക്കിയ തുക | രസീത് നം /തീയതി |
|---|---|---|---|---|
| 4 | ടോയ്‌ലറ്റ് റിട്രോഫിറ്റ്- അധികം ധസഹായം നൽകിയത് (എസ്.0135/22) | വി.ഇ.ഒ. | 4240 | 1220201309/21.02.2023 |
| 5 | ടെണ്ടർ ഡിഡക്ഷൻ- തുക കുറവ് ചെയ്യാതിരുന്നത് (എസ്.0032/22) | അസി.എഞ്ചിനീയർ | 1203 | 1220201360/25.02.2023 |
| 7 | കാലിബാരൽ വില കുറവ് ചെയ്യാതിരുന്നത് (എസ്.0069/22) | ” | 5620 | 1220201380/27.02.2023 |
| | ആകെ | | 11063 | |

## 1-26 അഗതി രഹിത കേരളം പദ്ധതി -അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ കുടുംബങ്ങളും, നിലവിലെ ആശ്രയ പദ്ധതിയിലുൾപ്പെട്ടിട്ടുള്ളവരും തുടർന്നും സേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനാണ് അഗതി രഹിത കേരളം എന്ന പദ്ധതി ആവിഷ്കരിച്ചത്. പദ്ധതിയിൽ കീഴിൽ 176 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിട്ടുള്ളത്. 2021-22 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| മുന്നിരിപ്പ് | 34,02,849 | ഭക്ഷണ വിതരണം | 10,47,429 |
| പ്ലാൻ ഫണ്ട് | 5,00,000 | ഭവന പുനരുദ്ധാരണം | 4,50,000 |
| ബാങ്ക് പലിശ | 85,006 | നീക്കിയിരുപ്പ് | 24,90,402 |
| | | ബാങ്ക് ചാർജ്ജ് | 24 |
| ആകെ | 39,87,855 | ആകെ | 39,87,855 |

ഭക്ഷണ കിറ്റ് വിതരണം 2022 എപ്രിൽ മാസം വരെ നടത്തിയിട്ടുണ്ട്. ചലഞ്ച് ഫണ്ട് ലഭ്യമല്ലാത്തതിനാൽ തുടർന്നുള്ള ഭക്ഷണവിതരണം നടത്താൻ സാധിച്ചിട്ടില്ലായെന്ന മറുപടിയാണ് ലഭ്യമാക്കിയത്. അഗതിരഹിത കേരളം പദ്ധതിക്കായുള്ള അക്കൗണ്ടിൽ 28.2.2023-ൽ 28,48,555 രൂപ നീക്കിയിരിപ്പുണ്ട്. ഭക്ഷണ വിതരണം അടിയന്തിര പ്രാധാന്യം നൽകി നടപ്പാക്കേണ്ടതും അഗതിരഹിത കേരളം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ മുന്നോട്ട് പോകുന്നതിനും വേണ്ട സത്വരവും ക്രിയാത്മകവുമായ നടപടികൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണെന്ന ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

### 1-27 മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി ബിൽനം.45/21-22,24-3-22 പ്രകാരം 1,00,000 രൂപ ഹോംകോയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - അധികതുക നൽകി

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം (GO(Ms) 22/18 തസ്വഭവ തീയതി 14.02.2018) ക്ഷീര സംഘത്തിൽ പാൽ നൽകുന്ന ഒരു കർഷകന് ഒരു വർഷം നൽകാവുന്ന പരമാവധി സബ്സിഡി തുക 40,000 രൂപയാണ്. എന്നാൽ വാർഷിക പദ്ധതിയുടെ ഭാഗമായി ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകിയപ്പോൾ 40,000 രൂപയിൽ അധികമായി സബ്സിഡി അനുവദിച്ച് നൽകിയതായി കണ്ടെത്തി.

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനായി രൂപീകരിച്ച വിവിധ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|
| 1 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി, SO 18/22 | വികസന ഫണ്ട്-1,00,000 | 1,00,000 |
| | | ജില്ലാ പഞ്ചായത്ത്-10,00,000 | 9,99,533 |
| | | ബ്ലോക്ക് പഞ്ചായത്ത്-10,00,000 | 9,89,276 |
| 2 | വനിത ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി, SO 19/22 | വികസന ഫണ്ട്-1,00,000 | 1,00,000 |
| | | ജില്ലാ പഞ്ചായത്ത്-10,00,000 | 0 |

| | | |
|---|---|---|
| | ബ്ലോക്ക് പഞ്ചായത്ത്- 15,00,000 | 15,00,000 |

ടി പദ്ധതികളുടെ ഭാഗമായി സബ്സിഡി തുക അധികമായി നൽകിയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം | സബ്സിഡി അനുവദിച്ചത് | | | |
|---|---|---|---|---|---|---|
| | | | തുക | ബിൽ നം. | ആകെ | അധികം നൽകിയത് |
| 1 | ആയിഷ ബഷീർ | 20346943715 | 1492 | 06/05.11.21 | 45,569 | 5569 |
| | | | 19308 | 12/05.11.21 | | |
| | | | 18023 | 39/26.02.22 | | |
| | | | 6746 | 40/26.02.22 | | |
| 2 | അഗസ്റ്റി പൊന്നൂസ് | 30128394521 | 3211 | 09/05.11.21 | 52,075 | 12,075 |
| | | | 25855 | 15/10.11.21 | | |
| | | | 10934 | 25/16.12.21 | | |
| | | | 12075 | 33/26.02.22 | | |
| 3 | മാത്യൂ ജോൺ | 33218762209 | 2649 | 09/05.11.21 | 47,875 | 7875 |
| | | | 22938 | 15/10.11.21 | | |
| | | | 14413 | 25/16.12.21 | | |
| | | | 7875 | 33/26.02.22 | | |
| 4 | ഷീജ | 33218767547 | 1286 | 06/05.11.21 | 42,593 | 2593 |
| | | | 17992 | 12/05.11.21 | | |
| | | | 16713 | 39/26.02.22 | | |
| | | | 6602 | 40/26.02.22 | | |
| 5 | മഹിളാമണി | 33302665211 | 2675 | 09/05.11.21 | 44,960 | 4960 |
| | | | 22423 | 15/10.11.21 | | |
| | | | 14902 | 25/16.12.21 | | |
| | | | 4961 | 33/26.02.22 | | |
| 6 | ലീലാമ്മ | 36907131960 | 1020 | 06/05.11.21 | 47,807 | 7807 |
| | | | 19454 | 12/05.11.21 | | |
| | | | 20989 | 39/26.02.22 | | |
| | | | 6344 | 40/26.02.22 | | |
| 7 | തോമസ് വർഗ്ഗീസ് | 67271706246 | 2662 | 09/05.11.21 | 45,681 | 5681 |
| | | | 22043 | 15/10.11.21 | | |
| | | | 15295 | 25/16.12.21 | | |
| | | | 5681 | 33/26.02.22 | | |

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി സബ്സിഡി ഇനത്തിൽ 46,560 രൂപ അധികമായി ചെലവഴിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 10/22.02.23) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ, അധികമായി നൽകിയ തുക ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചു. സബ്സിഡി ഇനത്തിൽ അധികമായി ചെലവഴിച്ച 46,560 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അധികമായി ചെലവഴിച്ച തുക തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 300000 | സുഭിക്ഷ കേരളം വാഴകൃഷി (എസ്.0223/22) | 300000 | -- |
| ,, | 500000 | ഇടവിള കൃഷി (കാപ്പി, കൊക്കോ (എസ്.0103/22) | 500000 | |
| ,, | 940000 | ലൈഫ് ഭവന പദ്ധതി- എസ്.സി.പി (എസ്.0014/22) | 940000 | -- |
| ജില്ലാ പഞ്ചായത്ത് | 920000 | ,, | 920000 | -- |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 640000 | ലൈഫ് ഭവന പദ്ധതി- എസ്.സി.പി (എസ്.0015/22) | 640000 | -- |
| ജില്ലാ പഞ്ചായത്ത് | 3000000 | ,, | 3000000 | -- |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 2400000 | ലൈഫ് ഭവന പദ്ധതി- എസ്.സി.പി (എസ്.0013/22) | 2400000 | -- |
| ജില്ലാ പഞ്ചായത്ത് | 1200000 | ,, | 1200000 | -- |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 96379 | അങ്കണവാടി പോഷകാഹാര വിതരണം (എസ്.0010/21) | 96379 | -- |
| ജില്ലാ പഞ്ചായത്ത് | 218611 | ,, | 218611 | -- |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.0007/22) | 200000 | -- |
| ജില്ലാ പഞ്ചായത്ത് | 200000 | ,, | 200000 | -- |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 355750 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി (എസ്.0136/22) | 355750 | -- |
| ,, | 989726 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി (എസ്.0018/22) | 989276 | -- |
| ജില്ലാ പഞ്ചായത്ത് | 999533 | ,, | 999533 | -- |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 1500000 | വനിത ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (എസ്. 0019/22) | 1500000 | -- |
| | | ആകെ | 14459549 | |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് |
|---|---|---|---|---|
| 1 | പഞ്ചായത്ത് | പി.ഡബ്ല്യൂ.ഡി. | 169912 | പ്രവൃത്തി |

| | | | | |
|---|---|---|---|---|
| | കോൺഫറൻസ് ഹാളിൽ കോൺഫറൻസ് സിസ്റ്റം, മൈക്ക് സൌണ്ട് സിസ്റ്റം സ്ഥാപിക്കൽ (S0117/22) | ഇലക്ട്രിക്കൽ വിഭാഗം | | പൂർത്തീകരിച്ചില്ല |
| 2 | ഗ്രാമപഞ്ചായത്ത് പരിധിയിലെ കുഴൽ കിണറുകളുടെ മെയിൻറൻസ് (S0076/22) | ഭൂജല വകുപ്പ് | 200000 | 100453 (*ബാലൻസ് തുക 99547 തിരികെ ലഭിച്ചു)* |
| 3 | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (S0124/22) | കെ.എസ്.ഇ.ബി. | 1599962 | യു.സി. ലഭിച്ചു *(22/11/22)* |
| 4 | സ്ട്രീറ്റ് ലൈറ്റ് മീറ്ററുംകൺട്രോൾ യൂണിറ്റുകളും സ്ഥാപിക്കൽ (S0125/22) | കെ.എസ്.ഇ.ബി. | 600000 | രൂ. 360194 യു.സി. ലഭിച്ചു *(03/06/22)* |
| 5 | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (S0208/22) | കെ.എസ്.ഇ.ബി. | 499258 | യു.സി. ലഭിച്ചു *(30/08/22)* |
| 6 | വാർഡ്-13ൽ ഇലക്ട്രിക് പോസ്റ്റ്മാറ്റി സ്ഥാപിക്കൽ (തനത് ഫണ്ട്) | ,, | 9491 | യു.സി. ലഭിച്ചു (08/02/22) |
| 7 | മീറ്ററില്ലാത്ത ലൈറ്റുകൾ അഴിച്ചുമാറ്റുന്നതിന് (തനത് ഫണ്ട്) | ,, | 24889 | ഇല്ല |
| 8 | വാർഡ്-7ൽ ഇലക്ട്രിക് പോസ്റ്റ്മാറ്റി സ്ഥാപിക്കൽ (തനത് ഫണ്ട്) | ,, | 10330 | യു.സി. ലഭിച്ചു *(08/02/22)* |
| 9 | ഉപയോഗ രഹിതമായ കുടിവെള്ള ടാപ്പുകൾ അൺപ്ലഗ്ഗ് ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് തുക നൽകുന്നത് (S0121/22) | ജല അതോറിറ്റി | 137300 | രൂ. 126208 (*ബാലൻസ് തുക 11092തിരികെ ലഭിച്ചു)* (24/11/22) |
| 10 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ (S0128/22) | കെ.എസ്.ഇ.ബി. | 1600000 | പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. യു.സി. ലഭിച്ചില്ല. |
| | ആകെ | | 4851142 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | 1,27,72,682 | -- | 1,27,72,682 | 9,82,667 | -- | 1,17,90,015 |

| | | | | | | |
|---|---|---|---|---|---|---|
| ഭവന പദ്ധതി | | | | | | |

വാർഷിക ധനകാര്യ പത്രികയിൽ മുന്നിരിപ്പിൽ 23,42,530 രൂപയുടെ വ്യത്യാസമുണ്ട്. 2019-20 ൽ തെറ്റായി വരവിൽ ഉൾപ്പെടുത്തിയ 18,50,000 രൂപയും മുൻ വർഷങ്ങളിൽ സോഴ്സിൽ കുറവ് ചെയ്തതിൽ അക്കൗണ്ട് ചെയ്യാതിരുന്ന4,92,530 രൂപയും ഉൾപ്പെടെ 23,42,530 രൂപ ചെലവിൽ ഉൾപ്പെടുത്തി 2021-22-ൽ അക്കൗണ്ട് ചെയ്ത് അപാകത പരിഹരിച്ചു.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേര് | രസീത് നം./തീയതി |
|---|---|---|---|---|
| 1999-2000 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക -115 | 2203 | എം.ഡി. ജോർജ്, മണ്ണാറമ്പിൽ വീട്, കൊല്ലമുള | 12101040003/ 05-11-2021 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99 | 21 | 2006-08 | തനതുഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികളിലെ ക്രമക്കേട് | ഭരണവകുപ്പ് അന്വേഷണം |
| 1999-00 | 32 | 2003-04 | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയശേഷം പണി ആരംഭിച്ചില്ല | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2000-01 | 27(4) | 2003-04 | ഗുണഭോക്തൃലിസ്റ്റിൽ പേരില്ലാത്ത വ്യക്തിക്ക് ധനസഹായം നൽകി. | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2015-16 | 2-7 | 2016-17 | തൊഴിൽനികുതി അപാകതകൾ | നിയമസഭാസമിതിയുടെ പരിഗണനയിൽ |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 12,17,45,420 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,44,59,417 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | 46,560 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,80,000 |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 46560 | സജീഷ്കുമാർ ജെ. ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | | 46560 | |

**തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-21 | 1,80,000 | ശ്രീ. സി.പി. സുനിൽ, ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, കുന്നം |
| ആകെ | 1,80,000 | |

**സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സജീഷ്കുമാർ ജെ. ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് | അദ്വൈതം, തട്ടാമല നഗർ പി.ഒ, കൊല്ലം -691020 |
| ശ്രീ. സി.പി. സുനിൽ, ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, കുന്നം | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, കുന്നം | ചേന്നമല, ആല, തോമ്പിക്കണ്ടം, 689676 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി3.623/98 തീയതി 13.1.99/6.3.99 | 4 (2-1, 2-2, 2-3, 2-4) |
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി3.107/00 തീയതി 3.3.06/7.11.07 | 3 (21, 26,27) |
| 1999-00 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4.297/06 തീയതി 11.10.06/7.11.07 | 3 (2-7,2-8,2-9) |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി4.287/02 തീയതി 19.3.03/3.10.03 | 1 (32) |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി4.689/02 തീയതി 3.4.03/5.8.03 | 3 (27(4), 18, 28 |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4.454/04 തീയതി 15.10.04/2.2.05 | 4 (18(1)മുതൽ 18(4) വരെ |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4.488(ബി)/06 തീയതി 12.10.06/30.11.07 | 3 (2-5,3-4,3-6) |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി4.678/06 തീയതി 12.3.07/21.12.07 | 13 (2-8(A),2-8B,3-2,3-5(1) മുതൽ 3-5(7) വരെ 3-6,3-9,3-10 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി4.153/07 തീയതി 13.9.07/22.12.07 | 9 (2-3,3-2,3-3,3-4,3-5,3-6, 3-8,3-9,3-11) |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി8.890/10 തീയതി 7.10.11/7.12.11 | 5(3-6,3-7,3-10,3-11,3-14) |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി8.891/10 തീയതി 7.10.11/7.12.11 | 7 (2-6B, 3-1,3-23-7,3-8,3-11,3-12) |
| 2006-07മുതൽ 2008-09വരെ | എൽ.എഫ്.പി.റ്റി.എ-പി6.698/12 തീയതി 25.10.12/30.11.13 | 35 (2-6, 2-8, 3-1, 3-2, 3-3,3-4, 3-6, 3-8, 3-11, 3-12, 3-13,3-14, 3-16, 3-17, 3-18, 3-20, 3-21, 3-22, 3-24, 3-25, 3-26, 3-27, 3-28, 3-29, 3-20, 3-31, 3-32, 3-34, 3-35, 3-39, 3-40, 3-41, 3-42, 3-43, 3-44) |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി6.597/13 തീയതി 20.11.13/14.11.14 | 2 (3-1,3-2) |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി6.274/15 തീയതി 1.7.15/9.7.15 | 6 (2-4,3-1,3-6,3-8, 3-9,3-14) |
| 2013-14 2014-15 | കെ.എസ്.എ.പി.റ്റി.എ പി6.167/2016 തീയതി 19.3.16 | 11 (3-2,3-3(1),3-3(2),3-4,3-5, 3-6,3-8, 3-9,3-10,3-11,3-13) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി6.1278/2016 തീയതി 1.12.2016 | 5 (2-3,2-4,2-7,3-1, 3-8(1)) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി6.1132/2017 തീയതി 26.09.2017 | 3(2-1,2-2,2-3) |
| 2017-18 | കെ.എസ്.എ.പിറ്റിഎ.പി6-130/19 തീയതി 7.3.2019 | 6 (2-1, 2-3, 3-2, 3-3, 3-6, 3-8) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ | 6 (2-1,3-2,3-8,3-10,3-12,4-1) |

| | | |
|---|---|---|
| | പി6-694/2019<br>തീയതി 17-08-2019 | |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി 6 - 311/2022 തീയ്യതി: 30/03/2022 | മുഴുവൻ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി 6 - 427/2022 തീയ്യതി: 17/05/2022 | ,, |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്